ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ഗണിതത്തിലും ഇംഗ്ലീഷിലും ശാസ്ത്രത്തിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവ് നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ16 പദ്ധതികൾ ആണിത്

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ കൃതികൾ എന്നിവ വായിച്ച ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിന് കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- ലളിതമായ വായനക്കാടുകൾ നിർമ്മിക്കുന്ന വായിക്കുന്നു.
- ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു.
- ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു വായിക്കുന്നു.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.

പഠന നേട്ടം	പ്രവർത്തനങ്ങൾ	പ്രവർത്തന വിശദീകരണം	കാലയളവ്
ചിത്രങ്ങളിലെ ആശയങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു	കളികളിലൂടെ ചിത്ര വായന	*ചിത്രങ്ങൾ വെട്ടിയെടുത്ത് കുട്ടികൾക്ക് നൽകുന്നു.അവ യോജിപ്പിച്ച് കഥാരൂപത്തിൽ ആക്കുന്നു.	ജൂൺ to ഒക്ടോബർ
	ചിത്ര വായന	*ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. * ചിത്ര വായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു	ജൂലൈ to ഡിസംബർ
	ചിത്ര വായനാക്കാർഡ്	*ബാല മാസികകളിൽ നിന്നും ചിത്രങ്ങൾ വെട്ടിയെടുത്ത്	ജൂൺ to ഡിസംബർ

		കഥാരൂപത്തിൽ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ ചിത്രം നോക്കി കഥ പറയുന്നു.രക്ഷിതാക്കൾ /അധ്യാപിക കഥ പറഞ്ഞു കൊടുക്കുന്നു. * ചിത്ര വായനാക്കാർഡ് കാർബോർഡിൽ ചിത്രങ്ങൾ ഒട്ടിച്ചു തയ്യാറാക്കുന്നു	
കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ പ്രവചിച്ച് കഥ പൂർത്തിയാക്കി പറയുന്നു.	കഥ കേൾക്കൽ	*ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. * പറഞ്ഞു കേട്ട കഥയിലെ ആശയം മറ്റുള്ളവരുമായി പങ്കുവെക്കുന്നു	ജൂൺ to മാർച്ച്
	കഥ പറയൽ	*കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ /കഥ പറയാൻ അവസരം നൽകുന്നു.	സെപ്റ്റംബർ to മാർച്ച്

		* ഇഷ്ടമുള്ള വസ്തുക്കൾ, സാധനങ്ങൾ,ജീവികൾ എന്നിവയെക്കുറിച്ച് പറയാൻ അവസരം.. അതിലൂടെ കഥയിലേക്ക്. * കഥയുടെ ഭാഗങ്ങൾ ചിത്രരൂപത്തിൽ നൽകുന്നു.കുട്ടികൾ കഥ പൂർത്തിയാക്കി പറയുന്നു.	
അക്ഷരങ്ങൾ / പദങ്ങൾ എന്നിവയുടെ ശബ്ദവും ലിപി രൂപവും തിരിച്ചറിഞ്ഞ് വായിക്കുന്നു എഴുതുന്നു	അക്ഷരപ്പാട്ട്	*അക്ഷരപ്പാട്ടുകൾ പാടുന്നു *അക്ഷരപ്പാട്ടുകളിൽ നിന്ന് അക്ഷരങ്ങൾ കണ്ടെത്തുന്നു *അക്ഷരപ്പാട്ടുകളിൽ നിന്ന് കണ്ടെത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു. പുതിയ പദങ്ങൾ ഉണ്ടാക്കുന്നു.	ജൂലൈ to ഡിസംബർ

	പദ നിർമ്മാണം	*അക്ഷര കാർഡുകളിൽ നിന്ന് പദ നിർമ്മാണം,ചിത്രക്കാർഡുകളിൽ നിന്ന് പദനിർമ്മാണം * ലഘു വാക്യങ്ങൾ എഴുതിയ ചിത്ര കാർഡുകൾ പ്രദർശിപ്പിക്കുന്നു.. കുട്ടികൾക്ക് വായിക്കാൻ അവസരം ന ൽകുന്നു.	ആഗസ്റ്റ് to ജനുവരി
		*യോജിപ്പിക്കാം ചിത്രങ്ങളും അതിനനുയോജ്യമായ വാക്യങ്ങളും പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് വായിക്കാൻ അവസരം	ആഗസ്റ്റ് to ഫെബ്രുവരി

		നൽകുന്നു. ശേഷം ടീച്ചർ കാർഡ് കട്ട് ചെയ്ത് യോജിപ്പിക്കാൻ അവസരം നൽകുന്നു.	
വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു	പാട്ട് /കവിത പാടൽ,ഈണം നൽകൽ.	* കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. * കുട്ടി കവിതകൾ/പാട്ടുകൾ വ്യത്യസ്ത ഈണം നൽകി അവതരിപ്പിക്കുന്നു. * ഈണത്തിൽ കവിതകൾ ചൊല്ലി പൊതുവേദികളിൽ അവതരിപ്പിക്കുന്നു,	ജൂൺ to ഫെബ്രുവരി

		രക്ഷിതാക്കൾക്ക് ചൊല്ലി കേൾപ്പിക്കുന്നു.	
	വരികൾ കൂട്ടിച്ചേർക്കുന്നു	*കവിതകൾ /പാട്ടുകൾ വ്യത്യസ്ത ഈണത്തിലും താളത്തിലും ചൊല്ലുന്നു. * പാട്ടുകളിൽ /കവിതകളിൽ ആവർത്തിക്കുന്ന അക്ഷരങ്ങൾ /പദങ്ങൾ കണ്ടെത്തുന്നു.അതിന്റെ സഹായത്തോടെ വരികൾ കൂട്ടിച്ചേർത്ത് എഴുതുന്നു..പാടി അവതരിപ്പിക്കുന്നു.	ആഗസ്റ്റ് to മാർച്ച്
സ്വായത്തമായ	അക്ഷര ചാർട്ട്	* പഠിച്ച അക്ഷരങ്ങൾ	ജൂൺ to

അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ എഴുന്നു, ചെറുവാക്യങ്ങൾ എഴുന്നു.		ചാർട്ടിൽ എഴുകയും ഉറക്കെ വായിക്കുകയും ചെയ്യുന്നു. *ചാർട്ടിൽ എഴുതിയ അക്ഷരങ്ങൾക്ക് ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നു.	മാർച്ച്
	പദ കാർഡ്	*പാഠഭാഗത്തിലെ പഠിച്ച പദങ്ങൾ ചെറിയ കാർഡുകൾ ഉണ്ടാക്കി അതിൽ എഴുന്നു.. വായിക്കുന്നു.. *പദ കാർഡുകൾ ചേർത്തുവച്ച് ചെറിയ വാക്യങ്ങൾ നിർമ്മിക്കുന്നു	സെപ്റ്റംബർ to മാർച്ച്

	വായനാ കാർഡ്	*ചെറിയ വാക്യങ്ങൾ നിർമ്മിച്ച് വായനാ കാർഡുകൾ ഉണ്ടാക്കുന്നു. *വസ്തുക്കൾ/ ജീവികൾ തുടങ്ങി പാഠവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി വായന കാർഡുകൾ എഴുതി വായിക്കുന്നു	നവംബർ to മാർച്ച്